**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3804** **15-07-2022 - ൽ മറുപടിയ്ക്ക്**

**വയനാട് എം.പി. യുടെ ഓഫീസ് ആക്രമണക്കേസ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി ആർ മഹേഷ്,<br>ശ്രീ. അൻവർ സാദത്ത് ,<br>ശ്രീ . ഐ .സി .ബാലകൃഷ്ണൻ ,<br>ശ്രീ. റോജി എം. ജോൺ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്തെ ഒരു മന്ത്രിയുടെ സ്റ്റാഫിൽ ഉണ്ടായിരുന്നതായി പറയപ്പെടുന്ന ഭരണപക്ഷത്തെ ഒരു പ്രമുഖ വിദ്യാർത്ഥി സംഘടന നേതാവിനെ വയനാട് എം.പി. യുടെ ഓഫീസ് ആക്രമിച്ച കേസിൽ അറസ്റ്റ് ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ; | (എ) | ഇപ്രകാരമൊരാൾ പ്രതിയാണെന്ന് നിലവിൽ കണ്ടെത്തിയിട്ടില്ല. |
| (ബി) | ഭരണപക്ഷത്തെ ഒരു പ്രമുഖ രാഷ്ട്രീയ, യുവജന, വിദ്യാർത്ഥി സംഘടനയുടെ നേതാക്കൾ ഉൾപ്പെടുന്ന കേസുകളിൽ പോലീസ് ഡമ്മി പ്രതികളെയാണ് ഹാജരാക്കുന്നതെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) | പ്രസ്തുത ഓഫീസ് ആക്രമണക്കേസിൽ അറസ്റ്റ് ചെയ്ത് പോലീസ് വാഹനത്തിൽ കയറ്റിയ മേൽ പരാമർശിച്ച വിദ്യാർത്ഥി സംഘടനയിലെ പ്രവർത്തകർ മറുവശത്തെ ജനാലയിലൂടെ പുറത്തുചാടിയതായി പറയപ്പെടുന്ന സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പോലീസ് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ? | (സി) | ബഹു. വയനാട് എം.പി. യുടെ ഓഫീസിലേക്ക് വിദ്യാർത്ഥി സംഘടനാ പ്രവർത്തകർ നടത്തിയ മാർച്ചിന്റെ അവസരത്തിൽ മതിയായ സംരക്ഷണം ഒരുക്കുന്നതിൽ പോലീസിന്റെ ഭാഗത്ത് പാളിച്ച ഉണ്ടായിട്ടുണ്ടോ എന്ന കാര്യം വിശദമായി അന്വേഷണം നടത്തി ADGP (HQ) റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് പരിശോധിച്ച് വീഴ്ചയുണ്ടായപക്ഷം ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ